# കേരള പബ്ലിക് സർവീസ് കമ്മീഷൻ

**<u>30.04.2013–ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 68/2013 ആയി വിജ്ഞാപനം ചെയ്തിരുന്ന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തെരഞ്ഞെടുപ്പിന് 15.12.2014–ന് പ്രസിദ്ധീകരിച്ച 148/14/ERXII/EW നമ്പർ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ഒറ്റത്തവണ (ഒ.റ്റി.ആർ) പ്രമാണപരിശോധനയുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ</u>**

1. എ) വെരിഫിക്കേഷന് ഹാജരാകുന്നതിനുമുമ്പ് ഉദ്യോഗാർത്ഥികൾ വിജ്ഞാപന പ്രകാരം അവർക്ക് ബാധകമായിട്ടുള്ള എല്ലാ ഒറിജിനൽ പ്രമാണങ്ങളുടേയും പൂർണമായ <u>Scanned Image വളരെ വ്യക്തമായി വായിക്കാൻ കഴിയുംവിധം</u> **പ്രൊഫൈലിൽ ".jpg format" -ൽ അപ്‌ലോഡ് ചെയ്തിരിക്കേണ്ടതാണ്. ഒറിജിനൽ പ്രമാണങ്ങളുടെ വ്യക്തവും പൂർണവുമായ Scanned Image പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യാത്തപക്ഷം ഒ.റ്റി.ആർ വെരിഫിക്കേഷന് പങ്കെടുപ്പിക്കുന്നതല്ല.**

   ബി) പ്രൊഫൈൽ വിവരങ്ങൾ സ്വയം പരിശോധിച്ച് ആയവ പൂർണവും ശരിയും കുറ്റമറ്റതുമാണെന്ന് ഉറപ്പുവരുത്തിയശേഷം **ഒ.റ്റി.ആർ** പരിശോധനയ്ക്ക് ഹാജരാകുക. സ്റ്റാഫ് നഴ്സ് തെരഞ്ഞെടുപ്പിനുള്ള അപേക്ഷയിൽ അവകാശപ്പെടാത്ത യോഗ്യതകൾ, ഇതര വിവരങ്ങൾ എന്നിവയുടെ ആനുകൂല്യം ലഭിക്കുന്നതല്ല. ഏതെങ്കിലും പ്രമാണം ഹാജരാക്കുന്നതിനോ, ന്യൂനതകൾ പരിഹരിക്കുന്നതിനോ Scanned Image അപ്‌ലോഡ് ചെയ്യുന്നതിനോ പിന്നീട് സമയം അനുവദിക്കുന്നതല്ല.

   സി) വെരിഫിക്കേഷന് ഹാജരാകാത്തപക്ഷം അപേക്ഷ നിരസിക്കപ്പെടുന്നതാണ്. ആയതിന് നിരസന അറിയിപ്പ് തപാൽ മാർഗം നൽകുന്നതല്ല.

2. <u>വെരിഫിക്കേഷൻ സമയത്ത് താങ്കൾ താഴെ പറയുന്ന അസ്സൽ പ്രമാണങ്ങൾ (മുകളിൽ 1എ–യിൽ പറയുന്നതുപ്രകാരം **Scanned Images** അപ്‌ലോഡ് ചെയ്തിരിക്കണം) ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം യാതൊരുകാരണവശാലും ഈ തെരഞ്ഞെടുപ്പിന്റെ തുടർ നടപടികളിൽ പങ്കെടുപ്പിക്കുന്നതല്ല.</u>

   എ) അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജനനത്തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ (SSLC/CBSE/ICSE etc.)

   ബി) അപേക്ഷയിൽ താങ്കൾ അവകാശപ്പെട്ടിട്ടുള്ള ഈ തസ്തികയ്ക്ക് അവശ്യം വേണ്ടതായ യോഗ്യതകൾ

      1) സയൻസ് വിഷയങ്ങളിൽ പ്ലസ്ടു/പ്രീഡിഗ്രി/വി.എച്ച്.എസ്.ഇ കോഴ്സ് വിജയിച്ചിരിക്കണം/ഒരു ഗവൺമെന്റ് അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഡൊമസ്റ്റിക് നഴ്സിംഗിൽ വി.എച്ച്.എസ്.ഇ അല്ലെങ്കിൽ തത്തുല്യ യോഗ്യത

2) ബി.എസ്.സി നഴ്സിംഗ് വിജയിച്ചിരിക്കണം. <u>അല്ലെങ്കിൽ</u> ഒരു ഗവണ്മെൻറ് അംഗീകൃത സ്ഥാപനത്തിൽ നിന്നും ജനറൽ നഴ്സിംഗിലും മിഡ്വൈഫറിയിലും മൂന്ന് വർഷത്തിൽ കുറയാതെയുള്ള കോഴ്സ് ജയിച്ചിരിക്കണം.

3) കേരള നഴ്സസ് ആൻറ് മിഡ്വൈവ്സ് കൗൺസിലിൽ സ്ത്രീകൾ നഴ്സ് ആൻറ് മിഡ്വൈഫ് ആയും പുരുഷന്മാർ നഴ്സ് ആയും രജിസ്റ്റർ ചെയ്തിരിക്കണം.

**<u>കുറിപ്പ്</u>**:- *അപേക്ഷ സ്വീകരിക്കാനുള്ള അവസാന തീയതിയിലോ (05.06.2013) അതിനുമുമ്പോ യോഗ്യതകൾ നേടിയിട്ടുണ്ടെന്ന് അപ്‌ലോഡ് ചെയ്യുന്ന രേഖകളിൽ നിന്നും വ്യക്തമായിരിക്കണം. 05.06.2013 തീയതിയിലോ അതിനുമുമ്പോ പരീക്ഷാ ഫലപ്രഖ്യാപനവും കൗൺസിലിൽ രജിസ്ട്രേഷനും നടന്നിട്ടുണ്ട് എന്ന് അപ്‌ലോഡ് ചെയ്യുന്ന മാർക്ക് ലിസ്റ്റ്/സർട്ടിഫിക്കറ്റ് ഓഫ് രജിസ്ട്രേഷൻ എന്നിവയിൽ നിന്നും വ്യക്തമാകാത്തപക്ഷം ടി കോഴ്സിൻെറ/രജിസ്ട്രേഷൻെറ സർട്ടിഫിക്കറ്റ് നൽകാൻ അധികാരപ്പെട്ട സ്ഥാപനത്തിൽ നിന്നും ലഭിച്ചതും പരീക്ഷ ഫലപ്രഖ്യാപന തീയതി/രജിസ്ട്രേഷൻ പ്രാബല്യത്തിൽ വന്ന തീയതി എന്നിവ വ്യക്തമാക്കുന്നതുമായ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്തിരിക്കണം. തദനുസൃതമായ തീയതി തന്നെയാണ് പ്രൊഫൈലിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്നുറപ്പാക്കുകയും വേണം. ആയതിലേക്ക് താഴെപറയുന്ന എല്ലാ പ്രമാണങ്ങളുടേയും* ***<u>Scanned Image</u> (".jpg format")*** *നിർദ്ദേശാനുസരണം അപ്‌ലോഡ് ചെയ്യുകയും അവയുടെ അസൽ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കുകയും വേണം.*

i. എസ്.എസ്.എൽ.സി (ബുക്കിലെ വ്യക്തി വിവരങ്ങൾ ഉൾക്കൊള്ളുന്ന പേജിൻേറയും മാർക്ക് പേജിൻേറയും)
ii. പ്രീഡിഗ്രി/+2/വി.എച്ച്.എസ്.ഇ. പരീക്ഷയുടെ മാർക്ക് ലിസ്റ്റുകളും സർട്ടിഫിക്കറ്റും.
iii. ബി.എസ്.സി. നഴ്സിംഗ് കോഴ്സ് പാസ്സായതുമായി ബന്ധപ്പെട്ട/ അവസാന വർഷത്തെ/അവസാന സെമസ്റ്ററിൻെറ മാർക്ക് ലിസ്റ്റ്.
iv. സർവകലാശാലകൾ നൽകുന്ന ബി.എസ്.സി. (നഴ്സിംഗ്) ഡിഗ്രി സർട്ടിഫിക്കറ്റ്/പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ്.
v. ജനറൽ നഴ്സിംഗ് ആൻറ് മിഡ്വൈഫറി കോഴ്സ് സർട്ടിഫിക്കറ്റ്.
vi. ജനറൽ നഴ്സിംഗ് ആൻറ് മിഡ്വൈഫറി കോഴ്സ് പഠിച്ച സ്ഥാപനത്തിൽ നിന്നും കോഴ്സിൻെറ കാലയളവ് വ്യക്തമാക്കുന്ന കോഴ്സ് സർട്ടിഫിക്കറ്റ്.
vii. ഏത് തീയതി മുതലാണ് രജിസ്ട്രേഷൻ പ്രാബല്യത്തിൽ വന്നത് എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതും കേരള നഴ്സിംഗ് ആൻറ് മിഡ് വൈഫറി കൗൺസിൽ നൽകുന്നതുമായ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.

സി) പി.എസ്സ്.സി അംഗീകരിച്ചതും പ്രൊഫൈലിൽ ചേർത്തതുമായ തിരിച്ചറിയൽ രേഖ. പി.എസ്സ്.സി അംഗീകരിച്ച തിരിച്ചറിയൽ രേഖകൾ ഏതൊക്കെയാണെന്ന വിവരത്തിന് www.keralapsc.gov.in എന്ന വെബ്സൈറ്റ് നോക്കുക.

3. <u>താഴെ പറഞ്ഞിരിക്കുന്നവയിൽ ബാധകമായിട്ടുള്ള എല്ലാ രേഖകളും (മുകളിൽ 1എ-യിൽ പറയുന്നതുപ്രകാരം **Scanned Images (".jpg format")** അപ്‌ലോഡ് ചെയ്തിരിക്കണം) വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്</u>.

എ) സംവരണാനുകൂല്യത്തിന് അർഹതയുള്ള പട്ടികജാതിയിലെ/പട്ടികവർഗ്ഗത്തിലെ അംഗമാണ് എങ്കിൽ ജാതി സർട്ടിഫിക്കറ്റിന്റെ അസ്സൽ, വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കാത്തപക്ഷം സംവരണാനുകൂല്യം ലഭിക്കുന്നതല്ല. ഹാജരാക്കേണ്ട സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകൾ (General Conditions)/www.keralapsc.gov.in എന്ന വെബ്സൈറ്റ് കാണുക. ചുരുക്കപ്പട്ടികയിൽ പട്ടികജാതി/പട്ടികവർഗക്കാർക്കുള്ള ഉപപട്ടികയിലാണ് ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തപക്ഷം തെരഞ്ഞെടുപ്പിന്റെ തുടർ നടപടികളിൽ നിന്നും ഒഴിവാക്കുന്നതാണ്.

ബി) വിമുക്തഭടനാണെങ്കിൽ നിശ്ചിത സേവനകാലം പൂർത്തിയാക്കി പെൻഷന് അർഹത നേടിയിട്ടുള്ള വിമുക്തഭടനാണെന്ന് തെളിയിക്കുന്നതിന് പെൻഷൻ പേയ്മെന്റ് ഓർഡറിന്റെയും ഡിസ്ചാർജ് സർട്ടിഫിക്കറ്റിന്റെയും അസ്സൽ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം വിമുക്തഭടന്മാർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല.

സി) വികലാംഗൻ/വികലാംഗയാണെങ്കിൽ വികലാംഗർക്ക് അവകാശപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങൾ നേടുന്നതിനായി 30.06.2012-ലെ GO(P)No39/12/SWD പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത അധികാരിയിൽ നിന്നും നേടിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് (അസ്സൽ) ഹാജരാക്കേണ്ടതാണ്. ഹാജരാക്കേണ്ട സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകൾ (General Conditions)/www.keralapsc.gov.in എന്ന വെബ്സൈറ്റ് കാണുക. അപ്രകാരം സർട്ടിഫിക്കറ്റ് ഹാജരാക്കാത്തപക്ഷം വികലാംഗർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല.

ഡി) ഈ തസ്തികയ്ക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ സേവനത്തിൽ ജോലി നോക്കുന്ന ആളാണെങ്കിൽ ഈ തസ്തികയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് മേലധികാരിയിൽ നിന്നും ലഭിച്ച അനുമതി പത്രം (രസീത്) ഗസറ്റ് വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിരിക്കുന്ന മാതൃകയിൽ ഹാജരാക്കേണ്ടതാണ്. ഹാജരാക്കേണ്ട സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകൾ (General Conditions)/www.keralapasc.gov.in എന്ന വെബ്സൈറ്റ് കാണുക.

4. സംവരണാനുകൂല്യത്തിന് അർഹതയുള്ള പിന്നാക്കവിഭാഗത്തിലെ അംഗമാണെങ്കിൽ 26/09/2009-ലെ 81/2009/എസ്.സി/എസ്.റ്റി/ഡി.ഡി എന്ന സർക്കാർ ഉത്തരവ് പ്രകാരം നേടിയിട്ടുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (NCLC) ഹാജരാക്കേണ്ടതാണ്. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ പേരും, ഔദ്യോഗിക പദവിയും ഓഫീസ് സീലും രേഖപ്പെടുത്തിയിരിക്കണം. നോൺക്രീമിലെയർ സർട്ടിഫിക്കറ്റിൽ പിതാവിന്റെ പേരും അപേക്ഷയിലെ അഡ്രസ്സും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടായിരിക്കണം. ഹാജരാക്കേണ്ട സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകൾ (General Conditions)/www.keralapsc.gov.in എന്ന വെബ്സൈറ്റ് കാണുക. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തപക്ഷം സംവരണാനുകൂല്യം നഷ്ടപ്പെടുന്നതാണ്. ചുരുക്കപ്പട്ടികയിലെ സംവരണ സമുദായങ്ങൾക്കായുള്ള ഉപപട്ടികയിലാണ് ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തപക്ഷം തെരഞ്ഞെടുപ്പിന്റെ തുടർ നടപടികളിൽ നിന്നും ഒഴിവാക്കുന്നതാണ്.

5. ഏതെങ്കിലും തരത്തിലുള്ള weightage/grace mark/extra marks (P.H., Ex-service, Sports) നുള്ള അർഹത അപേക്ഷയിൽ അവകാശപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് തെളിയിക്കുന്നതിന് ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിൽ നിർദ്ദേശിച്ചിരിക്കുന്ന തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

6. അപ്‌ലോഡ് ചെയ്യുന്ന ഏതെങ്കിലും സർട്ടിഫിക്കറ്റുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത് അപേക്ഷയിൽ നൽകിയിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ വിലാസമാണെങ്കിൽ അപേക്ഷയിലെയും പ്രസ്തുത സർട്ടിഫിക്കറ്റിന്റെ വിശദാംശങ്ങൾ പരാമർശിച്ച് അതിലെയും വ്യത്യസ്ത വിലാസങ്ങളിലെ വ്യക്തി ഒരാൾ തന്നെയെന്ന് വില്ലേജ് ഓഫീസറിൽ നിന്നോ അല്ലെങ്കിൽ ഒരു ഗസറ്റഡ് ഓഫീസറിൽ നിന്നോ ഉള്ള ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ (One and same Certificate–ന്റെ) **Scanned Image** **(".jpg format")** അപ്‌ലോഡ് ചെയ്യുകയും ആയതിന്റെ അസൽ വെരിഫിക്കേഷന് ഹാജരാക്കുകയും വേണം.

7. OTR വെരിഫിക്കേഷന്റെ സ്ഥലം, സമയം എന്നിവ ഉൾക്കൊള്ളുന്ന വിശദമായ Schedule കമ്മീഷന്റെ വെബ്സൈറ്റ് ആയ www.keralapsc.gov.in–ൽ പ്രസിദ്ധീകരിക്കുന്നതാണ്. എന്തെങ്കിലും കാരണവശാൽ വെരിഫിക്കേഷൻ മാറ്റിവയ്ക്കേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ഉദ്യോഗാർത്ഥികൾക്ക് പുതുതായി വെരിഫിക്കേഷൻ മെമ്മോ അയക്കുന്നതല്ല. പുതുക്കിയ തീയതി സംബന്ധിച്ച വിവരങ്ങൾ വാർത്താമാദ്ധ്യമങ്ങളിലും കമ്മീഷന്റെ വെബ്സൈറ്റായ www.keralapsc.gov.in-ലും പ്രസിദ്ധീകരിക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ വെബ്സൈറ്റും വാർത്താമാദ്ധ്യമങ്ങളും നിരീക്ഷിച്ച് പുതുക്കിയ തീയതി അറിയേണ്ടതും അനുവദിച്ചിരിക്കുന്ന സ്ഥലത്ത് കൃത്യസമയത്ത് വെരിഫിക്കേഷന് ഹാജരാകേണ്ടതുമാണ്.